# ദൂത് 4: നല്ലദേശമായ സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തു—താഴ്വരകളിൽനിന്നും മലകളിൽനിന്നും ഒഴുകുന്ന നീരൊഴുക്കുകളുടെയും ഉറവുകളുടെയും തടാകങ്ങളുടെയും ദേശം

## I. ഗലാത്യർ 3:14 പറയുന്നു: "അത് അബ്രാഹാമിന്റെ അനുഗ്രഹം ക്രിസ്തു യേശുവിൽ ജാതികൾക്ക് വരേണ്ടതിന്, നാം വിശ്വാസത്താൽ ആത്മാവ് എന്ന വാഗ്ദത്തം പ്രാപിക്കേണ്ടതിനാകുന്നു"

[Gal. 3:14] അത് അബ്രാഹാമിന്റെ അനുഗ്രഹം ക്രിസ്തു യേശുവിൽ ജാതികൾക്ക് വരേണ്ടതിന്, നാം വിശ്വാസത്താൽ ആത്മാവ് എന്ന വാഗ്ദത്തം പ്രാപിക്കേണ്ടതിനാകുന്നു.

- ദൈവം അബ്രാഹാമിന് വാഗ്ദത്തം ചെയ്ത അനുഗ്രഹത്തിന്റെ ഭൗതിക വശം നല്ലദേശമായിരുന്നു, അത് സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിന്റെ ഒരു മുൻകുറിയാണ്; ക്രിസ്തു ആത്യന്തികമായി സർവവും-ഉൾക്കൊള്ളുന്ന ജീവൻ നൽകുന്ന ആത്മാവായി സാക്ഷാൽക്കരിക്കപ്പെട്ടിരിക്കുന്നതിനാൽ, വാഗ്ദത്തം ചെയ്യപ്പെട്ട ആത്മാവ് എന്ന അനുഗ്രഹം അബ്രാഹാമിന് വാഗ്ദത്തം ചെയ്യപ്പെട്ട ദേശം എന്ന അനുഗ്രഹത്തോടു യോജിക്കുന്നു. നമ്മുടെ അനുഭവത്തിൽ ക്രിസ്തുവിന്റെ സാക്ഷാൽക്കാരമായ ആത്മാവ്, നമുക്ക് ആസ്വദിക്കുവാനുള്ള ദൈവത്തിന്റെ ധാരാളമായ സഹായത്തിന്റെ ഉറവിടമായ നല്ലദേശമാണ്. [Phil. 1:19] നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു,.

## II. സർവവും ഉൾക്കൊള്ളുന്ന ആത്മാവെന്ന നിലയിൽ സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തു "താഴ്വരകളിൽനിന്നും മലകളിൽനിന്നും പുറപ്പെടുന്ന നീരൊഴുക്കകുളും, ഉറവുകളും, തടാകങ്ങളും ഉള്ള ദേശം"

- നീരൊഴുക്കുകളും, ഉറവുകളും, തടാകങ്ങളും ഒഴുകുന്ന ആത്മാവായ ക്രിസ്തുവിനെ സൂചിപ്പിക്കുകയും, താഴ്വരകളും മലകളും ഒഴുകുന്ന ആത്മാവായി ക്രിസ്തുവിനെ നാം അനുഭവമാക്കുന്ന വിവിധതരം പരിതസ്ഥിതികളെ സൂചിപ്പിക്കുകയും ചെയ്യുന്നു. വേദപുസ്തകത്തിലുടനീളം ജലമെന്ന നിലയിൽ ത്രിയേക ദൈവത്തെ സംബന്ധിച്ച ഒരു രേഖയുണ്ട്,ജീവന്റെ ഉറവിടമെന്ന നിലയിൽ പിതാവും, ആത്മാവ് ജീവജലനദിയായ് തന്റെ വീണ്ടെടുക്കപ്പെട്ട ജനത്തിന്റെ ജീവനും ജീവസഹായവുമാകുവാൻ ക്രിസ്തുവിൽ ആത്മാവെന്ന നിലയിൽ അവരിലേക്ക് ഒഴുകുന്ന ദൈവത്തിന്റെ ഒരു പ്രതീകവുമാണ്. ഒരു നദി അതിന്റെ സമ്പന്നതകളോടുകൂടെ നമ്മുടെ അനുഭവത്തിൽ ദൈവത്തിന്റെ ജീവന്റെ ആത്മാവിന്റെ സമ്പന്നതകളുടെ വ്യത്യസ്ത വശങ്ങളുടെ അനേകം നദികളായിത്തീരുന്നു. [Deut. 8:7] നിന്റെ ദൈവമായ യഹോവ നല്ലോരു ദേശത്തേക്കല്ലോ നിന്നെ കൊണ്ടുപോകുന്നതു; അതു താഴ്വരയിൽനിന്നും മലയിൽനിന്നും പുറപ്പെടുന്ന നീരൊഴുക്കുകളും ഉറവുകളും തടാകങ്ങളും ഉള്ള ദേശം; [John 7:38] തിരുവെഴുത്ത് പറഞ്ഞതുപോലെ, എന്നിലേക്കു വിശ്വസിക്കുന്നവന്റെ ഏറ്റവും ഉള്ളിലെ ആളത്തത്തിൽനിന്ന് ജീവജലനദികൾ ഒഴുകും.

## III. "താഴ്വരകളിലും മലകളിലും ഒഴുകുന്ന" ജലം സൂചിപ്പിക്കുന്നത് ജീവജലമായ ക്രിസ്തു വ്യത്യസ്ത പരിതസ്ഥിതികളിൽ ഒഴുകുന്നു എന്നാണ്

- താഴ്വരകൾ ക്രിസ്തുവിന്റെ മരണത്തിന്റെ അനുഭവങ്ങളായ ക്രൂശിന്റെ അനുഭവങ്ങളും, മലകൾ ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ അനുഭവങ്ങളും ആണ്. നമ്മിൽ നിധിയായി അധിവസിക്കുന്ന ക്രിസ്തു, ക്രിസ്തീയ ജീവിതത്തിനുള്ള സഹായത്തിന്റെ ദിവ്യ സ്രോതസ്സും, നാം പുനരുത്ഥാന ജീവന്റെ പ്രത്യക്ഷതയ്ക്കുവേണ്ടി ഒരു ക്രൂശിക്കപ്പെട്ട ജീവിതം നയിക്കുന്നതിനുള്ള ഉൽകൃഷ്ടമായ ശക്തിയും ആണ്. പുനരുത്ഥാനത്തിന് വെളിവാകേണ്ടതിന് മരണവും, നാം പുനരുത്ഥാനത്തിന്റെ ദൈവത്തെ ആസ്വദിക്കേണ്ടതിന് ക്രൂശിന്റെ പ്രവർത്തനം നമ്മുടെ സ്വയത്തെ അവസാനിപ്പിക്കുന്നു. ക്രിസ്തു നമ്മെ സുഖപ്പെടുത്തുവാനും നമ്മെ ജീവിപ്പിക്കുവാനുമായി നമ്മുടെ ഉള്ളിലെ എല്ലാ പ്രതിലോമ കാര്യങ്ങളെയും എപ്പോഴും കൊന്നുകൊണ്ടിരിക്കുന്നു. നമ്മുടെ മർത്ത്യജഡത്തിൽ വെളിവാകേണ്ടതിന്, ദിവസേനയുള്ള ഈ കൊല്ലൽ പുനരുത്ഥാനത്തിൽ ദിവ്യജീവന്റെ വിടുതലിനു വേണ്ടിയാണ്. ക്രിസ്തുവിനെപോലെ പൗലോസും പുനരുത്ഥാനജീവൻ വെളിപ്പെടുന്നതിനുവേണ്ടി ക്രൂശിന്റെ കൊല്ലലിൻ കീഴിലുള്ള ഒരു ജീവിതം നയിച്ചു. അത് അവന്റെ ശുശ്രൂഷയായിരുന്നതായ ഒരു ജീവിതം ആയിരുന്നു. നാം കർത്താവിന്റെ മരണത്തിന്റെ കൊല്ലലിൻ കീഴിലായിരിക്കുമ്പോൾ, അവന്റെ പുനരുത്ഥാനജീവൻ നമ്മിലൂടെ മറ്റുള്ളവരിലേക്ക് പകരപ്പെടുന്നു. സഭ നിലവിൽ വരുവാനും വർധിക്കുവാനുമുള്ള മാർഗം മാനുഷിക മഹത്വത്താലല്ല; അത് ദിവ്യജീവന്റെ തീയുടെ വിടുതലിനുവേണ്ടിയുള്ള ക്രൂശിലെ മരണത്താലാണ്. പുനരുത്ഥാനത്തിൽ അനേകം മണികളിലേക്ക് തന്റെ നിത്യജീവൻ വിടുവിക്കേണ്ടതിന് ഒരു ഗോതമ്പുമണിയെന്ന നിലയിൽ കർത്താവ് നിലത്തു വീണ് മരണത്തിലൂടെ തന്റെ ദേഹി-ജീവനെ നഷ്ടമാക്കി; പുനരുത്ഥാനത്തിൽ നിത്യജീവനെ ആസ്വദിക്കേണ്ടതിന്, അനേകം മണികളെന്ന നിലയിൽ നാമും മരണത്തിലൂടെ ദേഹി-ജീവനെ നഷ്ടമാക്കണം. [2 Cor. 4:10-12] യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ വെളിവാകേണ്ടതിന് യേശുവിന്റെ മരിപ്പിക്കൽ എപ്പോഴും ശരീരത്തിൽ വഹിച്ചുകൊണ്ട് നടക്കുന്നു. യേശുവിന്റെ ജീവൻ ഞങ്ങളുടെ മർത്ത്യജഡത്തിൽ വെളിവാകേണ്ടതിന്, ജീവിച്ചിരിക്കുന്നവരായ ഞങ്ങൾ യേശു നിമിത്തം എപ്പോഴും മരണത്തിന് ഏൽപ്പിക്കപ്പെടുന്നു. ആകയാൽ മരണം ഞങ്ങളിൽ വ്യാപരിക്കുന്നു, നിങ്ങളിൽ ജീവനും.

**IV. യിരെമ്യാവ് 2:13 പറയുന്നു: "എന്റെ ജനം രണ്ടു ദോഷം ചെയ്തിരിക്കുന്നു: അവർ ജീവജലത്തിന്റെ ഉറവായ എന്നെ ഉപേക്ഷിച്ചു, വെള്ളമില്ലാത്ത കിണറുകളെ, പൊട്ടക്കിണറുകളെ തന്നെ, കുഴിച്ചിരിക്കുന്നു."**

- ദൈവജനം ചെയ്ത ദോഷങ്ങൾ, അവർ തങ്ങളുടെ ഉറവെന്ന നിലയിൽ തങ്ങളുടെ സ്രോതസ്സായ ദൈവത്തെ ഉപേക്ഷിച്ചതും, ദൈവമല്ലാത്ത മറ്റൊരു സ്രോതസ്സിലേക്ക് അവർ തിരിയുകയും ചെയ്തതായിരുന്നു. ജീവജലമായി ദൈവംതന്നെ നമ്മിലേക്ക് പകരപ്പെടാതെ യാതൊന്നിനും നമ്മുടെ ദാഹം ശമിപ്പിക്കുവാനും അവന്റെ ആവിഷ്കാരത്തിനായി നമ്മെ ദൈവത്തിന്റെ വർദ്ധനവാക്കുവാനും കഴിയുകയില്ല. ദൈവത്തിന്റെ ദൃഷ്ടിയിൽ, അവനിൽനിന്ന് കുടിക്കുവാൻ വരാത്തവനാണ് ദുഷ്ടനായ ദുഷ്പ്രവൃത്തിക്കാരൻ, കർത്താവിനെ ബന്ധപ്പെടുവാനും, അവനെ എടുക്കുവാനും, അവനെ സ്വീകരിക്കുവാനും അവനെ രുചിക്കുവാനും, അവനെ ആസ്വദിക്കവാനും അവർ വരുന്നില്ല; ദൈവത്തിന്റെ ദൃഷ്ടിയിൽ ഇതിനെക്കാൾ തിന്മയായ മറ്റൊന്നില്ല. [John 4:13-14] യേശു അവളോട്, ഈ വെള്ളത്തിൽനിന്ന് കുടിക്കുന്ന ഏവനും വീണ്ടും ദാഹിക്കും, എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളത്തിൽനിന്ന് കുടിക്കുന്ന ഏവനും ഒരുവിധത്തിലും ഒരുനാളും ദാഹിക്കയില്ല; എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളം അവനിൽ നിത്യജീവനിലേക്ക് പ്രവഹിച്ചുയരുന്ന നീരുറവയായിത്തീരും...

**V. ജീവജലം കുടിക്കുകയും ഒഴുക്കുകയും ചെയ്യേണ്ടതിന് രക്ഷയുടെ ഉറവുകളിൽനിന്നും നാം വെള്ളം കോരുന്ന ശീലം കെട്ടിപ്പടുക്കേണ്ടതാവശ്യമാണ്**

- കർത്താവിനോട് സംസാരിച്ചുകൊണ്ടും, കർത്താവിനാലും കർത്താവിനു വേണ്ടിയും കർത്താവിലും കർത്താവിനോടു കൂടെയും രക്ഷയുടെ ഉറവുകളിൽനിന്നും സന്തോഷത്തോടെ നാം വെള്ളം കോരണം. നാം കർത്താവിനെ സ്തുതിക്കുകയും, അവനിൽ സന്തോഷിക്കുകയും, എപ്പോഴും സ്തോത്രം ചെയ്യുകയും, കർത്താവിന് പാടുകയും വേണം. നാം കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കണം. ക്രിസ്തു എന്താണ് നിവർത്തിച്ചതെന്ന് മറ്റുള്ളവരെ അറിയിച്ചുകൊണ്ട് നാം സുവിശേഷം പ്രസംഗിക്കണം. നമ്മുടെ ആളത്തത്തിൽ നാം കർത്താവിന് പ്രമുഖത നൽകുകയും, എല്ലാ കാര്യങ്ങളും ദിവ്യ പ്രകൃതത്തിനൊത്തവണ്ണം ചെയ്യുകയും വേണം. [Isa. 12:3-6] അതുകൊണ്ടു നിങ്ങൾ സന്തോഷത്തോടെ രക്ഷയുടെ ഉറവുകളിൽനിന്നു വെള്ളം കോരും.... യഹോവെക്കു സ്തോത്രം ചെയ്വിൻ; അവന്റെ നാമത്തെ വിളിച്ചപേക്ഷിപ്പിൻ; ജാതികളുടെ ഇടയിൽ അവന്റെ പ്രവൃത്തികളെ അറിയിപ്പിൻ; അവന്റെ നാമം ഉന്നതമായിരിക്കുന്നു എന്നു പ്രസ്താവിപ്പിൻ.

**VI. ദൈവത്തിന്റെ വ്യവസ്ഥ അനുസരിച്ച്, ദൈവത്തിൽ ആശ്രയിക്കുന്നവൻ ജീവജലത്തിന്റെ ഉറവയായ ദൈവത്തെ സൂചിപ്പിക്കുന്ന വെള്ളത്തിനരികെ നട്ടിരിക്കുന്ന ഒരു വൃക്ഷം പോലെയാണ്; നദിക്കരികെയുള്ള ഒരു വൃക്ഷം വെള്ളത്തിന്റെ സമ്പന്നതകളെല്ലാം ആഗിരണം ചെയ്തുകൊണ്ട് വളരുന്നു; ഇത് തന്റെ ദിവ്യ പകർച്ചയാൽ നിവർത്തിക്കപ്പെടുന്ന ദൈവത്തിന്റെ വ്യവസ്ഥയുടെ ഒരു ചിത്രമാണ്**

- ദിവ്യ പകർച്ച സ്വീകരിക്കുന്നതിന് വൃക്ഷങ്ങളായ നാം വെള്ളമെന്ന നിലയിൽ ദൈവത്തെ ആഗിരണം ചെയ്യണം; വൃക്ഷങ്ങളായ നമ്മിലേക്ക് പകരപ്പെട്ട സഹായംനൽകുന്ന ദൈവത്തിന്റെ സമ്പന്നത നമ്മെ ദൈവത്തിന്റെ ദിവ്യത്വംകൊണ്ട് സംരചിക്കുകയും, ദൈവത്തിന്റെ അളവിലേക്ക് വളരുവാൻ നമ്മെ ഇടയാക്കുകയും ചെയ്യുന്നു; ഈ രീതിയിൽ ഒരേ മൂലകവും, സാരാംശവും, സംരചനയും, ദൃശ്യഭാവവും ഉള്ളവരായി നാമും ദൈവവും ഒന്നായിത്തീരുന്നു. പ്രാർഥനയുടെ അർഥം നാം ദൈവത്തെ ആഗിരണം ചെയ്യുന്നതാണ്; നാം എത്രയധികം ദൈവത്തെ ബന്ധപ്പെടുന്നുവോ, അത്രയധികം നാം അവനെ ആഗിരണം ചെയ്യുന്നു, എത്രയധികം നാം അവനെ ആഗിരണം ചെയ്യുന്നുവോ, അത്രയധികം നാം അവനെ ആസ്വദിക്കുന്നു. പ്രാർഥിക്കുക എന്നത് നാം ആയിരിക്കുന്നതുപോലെ കർത്താവിന്റെ അടുക്കൽ വരുന്നതാണ്; നമ്മുടെ അവസ്ഥയെക്കുറിച്ച് കരുതുന്നതിനുപകരം, അവനെ നോക്കിക്കൊണ്ടും, അവനെ ശ്രദ്ധിച്ചുകൊണ്ടും, അവനെ സ്തുതിച്ചുകൊണ്ടും, അവന് സ്തോത്രം ചെയ്തുകൊണ്ടും, അവനെ ആരാധിച്ചുകൊണ്ടും, അവനെ ആഗിരണം ചെയ്തുകൊണ്ടും അവനെ ബന്ധപ്പെടുവാൻ ദൈവത്തിന്റെ സാന്നിധ്യത്തിലേക്ക് നാം പ്രവേശിക്കണം; അപ്പോൾ നാം ദൈവത്തിന്റെ സമ്പത്ത് ആസ്വദിക്കുകയും, അവന്റെ മാധുര്യം രുചിക്കുകയും, വെളിച്ചമായും ശക്തിയായും അവനെ സ്വീകരിക്കുകയും, അകമെ സമാധാനമുള്ളവരും ശോഭയുള്ളവരും ശക്തരും ശക്തിപ്പെട്ടവരും ആയിരിക്കും; അപ്പോൾ വിശുദ്ധന്മാർക്ക് വചനം ശുശ്രൂഷിക്കുമ്പോൾ അവനുമായുള്ള ബന്ധത്തിൽ തുടരുന്നതിന്റെ പാഠം നാം പഠിക്കും. [Jer. 17:7-8] യഹോവയിൽ ആശ്രയിക്കയും യഹോവ തന്നേ ആശ്രയമായിരിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ. അവൻ വെള്ളത്തിന്നരികെ നട്ടിരിക്കുന്നതും ആറ്ററികെ വേരൂന്നിയിരിക്കുന്നതുമായ വൃക്ഷംപോലെയാകും; ഉഷ്ണം തട്ടുമ്പോൾ അതു പേടിക്കയില്ല; അതിന്റെ ഇല പച്ചയായിരിക്കും; വരൾച്ചയുള്ള കാലത്തും വാട്ടം തട്ടാതെ ഫലം കായിച്ചുകൊണ്ടിരിക്കും.

**VII. യോഹ. 4:14 പറയുന്നു: "ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളം അവനിൽ നിത്യജീവനിലേക്ക് പ്രവഹിച്ചുയരുന്ന [കുതിച്ചുയരുന്ന] നീരുറവയായിത്തീരും."**

- ഇത് ഒഴുകുന്ന ത്രിയേക ദൈവത്തെ വെളിപ്പെടുത്തുന്നു—(1) പിതാവാണ് സ്രോതസ്സായ ഉറവ്; (2) പുത്രനാണ് ഉറവിന്റെ ആവിർഭാവമായ പ്രവാഹം; (3) ആത്മാവാണ് ഒഴുക്കായ നദി; നിത്യജീവന്റെ ആകത്തുക എന്ന നിലയിൽ പുതിയ യെരൂശലേമായിത്തീരുന്നതിന് പിതാവ് ഉറവയായും, പുത്രൻ പ്രവാഹമായും, ആത്മാവ് നദിയായും നമ്മിലേക്കും നമ്മോടുകൂടെയും ഒഴുകുന്നു.